നം. സി.ഇ.ഇ/2900/2007/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

# മെഡിക്കൽ - എൻജിനീയറിംഗ് അലോട്ട്മെന്റ് - 2008

സംസ്ഥാനത്തെ വിവിധ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിനുള്ള അലോട്ട്മെന്റ് **www.cee.kerala.gov.in/capresult2008** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമായിരിക്കും. ഹോം പേജിൽ നൽകിയിട്ടുള്ള തുക വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരെഞ്ഞെടുത്ത ശാഖകളിലൊന്നിൽ **സെപ്റ്റംബർ 1, 2 തീയതികളിൽ** അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്.

ഫീസടച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികളും **സെപ്റ്റംബർ 2, 3, 4 തീയതികളിൽ** ത്തന്നെ പ്രോസ്പെക്ടസിൽ പറഞ്ഞിട്ടുള്ള രേഖകൾസഹിതം, അവർക്ക് അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ, അവർക്ക് ഈ അലോട്ട്മെന്റ് പ്രകാരം കോളേജ് മാറ്റം ലഭിക്കുന്നപക്ഷം, പുതുതായി മാറ്റം ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. എൻജിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ താഴെ പറഞ്ഞിരിക്കുന്ന ദിവസ/സമയക്രമമനുസരിച്ച് നിശ്ചിത കോഴ്സുകളിലേക്ക് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

| **സമയം** | **02.09.2008** | **03.09.2008** | **04.09.2008** |
|---|---|---|---|
| **9 മണി** | സിവിൽ എൻജിനീയറിംഗ് (CE), ഡെയറി സയൻസ് & ടെക്നോളജി (DS), അഗ്രിക്കൾച്ചറൽ എൻജിനീയറിംഗ് (AG), ഫുഡ് ടെക്നോളജി (FT) | മെക്കാനിക്കൽ എൻജിനീയറിംഗ് (ME), ബയോ ടെക്നോളജി (BT), മെക്കാനിക്കൽ പ്രൊഡക്ഷൻ (MP) | ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ (EC), അപ്ലൈഡ് ഇലക്ട്രോണിക്സ് (AE), ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ (EI), പ്രിന്റിംഗ് ടെക്നോളജി (PT) |
| **1 മണി** | ആർക്കിടെക്ച്ചർ (AR), ഇൻസ്ട്രുമെന്റേഷൻ & കൺട്രോൾ (IC), ബയോ മെഡിക്കൽ എൻജിനീയറിംഗ് (BM) | കമ്പ്യൂട്ടർ സയൻസ് & എൻജിനീയറിംഗ് (CS), ഇൻഡസ്ട്രിയൽ എൻജിനീയറിംഗ് (IE), പ്രൊഡക്ഷൻ പ്ലാന്റ് (PP), മെക്കാനിക്കൽ ഓട്ടോമൊബൈൽ (MA), ഓട്ടോ മൊബൈൽ (AU) | ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് (EE), ഇൻഫർമേഷൻ ടെക്നോളജി (IT), കെമിക്കൽ എൻജിനീയറിംഗ് (CH), പോളിമർ എൻജിനീയറിംഗ് (PO) |

നിശ്ചിത സമയത്തിനുള്ളിൽ ഫീസ് അടച്ച് / പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും, ബന്ധപ്പെട്ട സ്ട്രീമിലെ ഹയർ ഓർഡർ ഓപ്ഷനുകളും റദ്ദു ചെയ്യുന്നതാണ്.

എല്ലാ കോഴ്സുകളിലേയ്ക്കുമുള്ള ക്ലാസുകൾ **05.09.2008** നു തുടങ്ങും.

വിദ്യാർത്ഥികൾക്ക് ഈ അലോട്ട്മെന്റിൽ (**31.08.2008** ന്) ലഭിച്ച അലോട്ട്മെന്റ് തൃപ്തികരമാണെങ്കിൽ, അവർക്ക് നിലവിലുള്ള ഹയർ ഓർഡർ ഓപ്ഷനുകൾ റദ്ദു ചെയ്യാവുന്നതാണ്. എന്നാൽ, തുടർന്നും ഹയർ ഓർഡർ ഓപ്ഷനുകൾ നിലനിറുത്തുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ അവ പുനഃക്രമീകരിക്കാവുന്നതാണ്. ഇതിനായി വിദ്യാർത്ഥികൾ **05.09.2008 മുതൽ 08.09.2008 വരെയുള്ള തീയതികളിൽ www.cee.kerala.gov.in/keam** എന്ന വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.

സ്വകാര്യ സ്വാശ്രയ കോളേജുകളിലെ എൻജിനീയറിംഗ്, നഴ്സിംഗ് കോഴ്സുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ഇനി അലോട്ട്മെന്റ് നടത്തുന്നതല്ല. സ്വകാര്യ സ്വാശ്രയ കോളേജുകളിലെ മറ്റ് കോഴ്സുകളിലേയ്ക്കും, സർക്കാർ, സർക്കാർ-നിയന്ത്രിത കോളേജുകളിലെ എല്ലാ കോഴ്സുകളിലേയ്ക്കും അലോട്ട്മെന്റ് നടപടികൾ തുടരുന്നതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷന്റെ നിയന്ത്രണത്തിലുള്ള വിവിധ നഴ്സിംഗ് / ബി.ഫാം. / എം.എൽ.റ്റി. / ബി.പി.റ്റി. കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച് ഫീസടച്ച വിദ്യാർത്ഥികൾ, താഴെപ്പറയുന്ന കേന്ദ്രത്തിൽ **02.09.2008 മുതൽ 04.09.2008 വരെയുള്ള** ദിവസങ്ങളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ് :

**സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, മെയിൻ സെന്റർ, ഗാന്ധിനഗർ, മെഡിക്കൽ കോളേജ് ഹോസ്പിറ്റലിനു സമീപം, കോട്ടയം.**

ഇപ്പോൾ ലഭിച്ച അലോട്ട്മെന്റ് റദ്ദു ചെയ്യണമെന്ന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള ഫോം ശരിയാംവിധം പൂരിപ്പിച്ച്, പ്രവേശനം നേടിയ കോളേജിലെ പ്രിൻസിപ്പൽ മുഖാന്തിരം പ്രവേശന പരീക്ഷാ കമ്മീഷണർക്ക്, **10.09.2008 ന്** മുൻപ് ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ 31.08.2008 ലെ അലോട്ട്മെന്റും, ബന്ധപ്പെട്ട സ്ട്രീമിലെ ഹയർ ഓർഡർ ഓപ്ഷനുകളും റദ്ദു ചെയ്യുന്നതാണ്. അലോട്ട്മെന്റ് / അഡ്മിഷൻ റദ്ദു ചെയ്യുവാൻ ഫാക്സ് മുഖാന്തിരം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

കോളേജധികൃതർ '**നോൺ ജോയിനിംഗ്**' റിപ്പോർട്ട് **05.09.2008 ന് വൈകുന്നേരം 5 മണിക്ക് മുമ്പ് ഫാക്സ് മുഖാന്തിരം** പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതാണ്.

തിരുവനന്തപുരം

31.08.2008

**പ്രവേശന പരീക്ഷാ കമ്മീഷണർ**